**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 236** **14-02-2024 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ പാരാമെഡിക്സ് ട്രെയിനി സ്കീം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ഒ എസ് അംബിക** | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്തെ പട്ടിക ഗോത്രവർഗങ്ങളിലെ ഭിന്നശേഷിക്കാർക്കു സഹായോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് വകുപ്പ് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്തിട്ടുള്ള സഹായങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(എ) **ഉണ്ട്. സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്ക് അവരുടെ വൈകല്യങ്ങൾ തരണം ചെയ്യുന്നതിന് വീൽചെയർ, ശ്രവണസഹായി ഉൾപ്പെടെയുള്ള സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും, ബോധവൽക്കരണം നൽകുന്നതിനുമായി കാറ്റാടി (Kerala Accelerated Tribal Ability Development & Inclusion Initiative) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.**

**നിലവിൽ ടി പദ്ധതി പ്രകാരം ആകെ 57 പേർക്ക് സഹായോപകരണങ്ങൾ താഴെപ്പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.**

| ക്രമ നം. | ജില്ല | സഹായക ഉപകരണം വിതരണം ചെയ്തവരുടെ എണ്ണം |
|---|---|---|
| 1 | വയനാട് | 44 |
| 2 | കോഴിക്കോട് | 12 |
| 3 | ഇടുക്കി | 1 |
| **ആകെ** | | **57** |

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ട്രൈബൽ പാരാമെഡിക്സ് ട്രെയിനി സ്കീം നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(ബി) **ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള ഗോത്രഭാഷകൾ അറിയുന്ന നഴ്സിംഗ് ഉൾപ്പെടെയുള്ള വിവിധ പാരാമെഡിക്കൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവരെ പട്ടികവർഗ മേഖലയിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ**

| | | | |
|---|---|---|---|
| | | | **നിയമിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് ട്രൈബൽ പാരാമെഡിക്സ് ട്രെയിനി സ്കീം. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ഓഫീസ് | ജില്ല | തസ്തികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | ഐ.റ്റി.ഡി.പി നെടുമങ്ങാട് | തിരുവനന്തപുരം | 4 | |
| 2 | റ്റി.ഡി.ഒ പുനലൂർ | കൊല്ലം | 0 | അപേക്ഷകൾ ലഭ്യമായിട്ടില്ല |
| 3 | | ആലപ്പുഴ | 1 | |
| 4 | റ്റി.ഡി.ഒ റാന്നി | പത്തനംതിട്ട | 8 | |
| 5 | ഐ.റ്റി.ഡി.പി കാഞ്ഞിരപ്പള്ളി | കോട്ടയം | 3 | |
| 6 | റ്റി.ഡി.ഒ മൂവാറ്റുപുഴ | എറണാകുളം | 0 | അർഹരായ അപേക്ഷകൾ ഇല്ല |
| 7 | റ്റി.ഡി.ഒ അടിമാലി | ഇടുക്കി | 0 | റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ നിയമിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ ശുപാർശ ആവശ്യപ്പെട്ടിട്ടുണ്ട് |
| | ഐ.റ്റി.ഡി.പി ഇടുക്കി | | | |
| 8 | റ്റി.ഡി.ഒ ചാലക്കുടി | തൃശ്ശൂർ | 0 | അർഹരായ അപേക്ഷകർ ഇല്ല |
| 9 | റ്റി.ഡി.ഒ പാലക്കാട് | പാലക്കാട് | 0 | അർഹതയുള്ള അപേക്ഷകർ ഇല്ല |
| | ഐ.റ്റി.ഡി.പി അട്ടപ്പാടി | | 7 | |
| 10 | ഐ.റ്റി.ഡി.പി നിലമ്പൂർ | മലപ്പുറം | 9 | |
| 11 | റ്റി.ഡി.ഒ കോഴിക്കോട് | കോഴിക്കോട് | 9 | |
| 12 | ഐ.റ്റി.ഡി.പി കൽപ്പറ്റ | വയനാട് | 5 | |
| | റ്റി.ഡി.ഒ സുൽത്താൻബത്തേരി | | 6 | |
| | റ്റി.ഡി.ഒ മാനന്തവാടി | | 16 | |
| 13 | ഐ.റ്റി.ഡി.പി കണ്ണൂർ | കണ്ണൂർ | 6 | |
| 14 | റ്റി.ഡി.ഒ കാസർഗോഡ് | കാസർഗോഡ് | 0 | അർഹതയുള്ള അപേക്ഷകർ ഇല്ല |
| | റ്റി.ഡി.ഒ പരപ്പ | | 8 | |
| **ആകെ** | | | **82** | |

സെക്ഷൻ ഓഫീസർ